"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിൽ കൈനാട്ടി-നാദാപുരം സ്റ്റേറ്റ് ഹൈവേയ്ക്കായി സൗജന്യമായി ഭൂമി വിട്ടുനൽകിയ വ്യക്തികളുടെ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1795/2025/LSGD തീയതി. തിരുവനന്തപുരം. 21-07-2025

---

പരാമർശം: 1 12.04.2022-ലെ ജി.ഒ.(ആർറ്റി.) നം. 935/2022/LSGD

2. ചീഫ് ടൗൺ പ്ലാനറുടെ 03/06/2025-ലെ LSGD/PD/11707/2024-TCPA1 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിൽ കൈനാട്ടി-നാദാപുരം സ്റ്റേറ്റ് ഹൈവേ വീതി കൂട്ടുന്നതിന്റെ ഭാഗമായി ഓർക്കാട്ടേരി ടൗണിൽ റോഡ് വീതി കൂട്ടുന്നതിന് സ്ഥലം സൗജന്യമായി വിട്ടു നൽകിയവരുടെ, ശേഷിക്കുന്ന സ്ഥലത്തെ നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾ ക്രമീകരിക്കുന്നതിന് ലഭിച്ച 48 അപേക്ഷകൾ പരിഗണിച്ച്, നിബന്ധനകൾക്ക് വിധേയമായി 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിച്ചു കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. മുമ്പ് അപേക്ഷിക്കാൻ സാധിക്കാത്ത 36 കെട്ടിടങ്ങൾക്ക് കൂടി ഇളവ് ലഭിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു കൊണ്ടുള്ള ഏറാമല ഗ്രാമപഞ്ചായത്തിന്റെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൈനാട്ടി-നാദാപുരം സ്റ്റേറ്റ് ഹൈവേ വീതി കൂട്ടുന്നതിന്റെ ഭാഗമായി ഓർക്കാട്ടേരി ടൗണിൽ റോഡ് വീതി കൂട്ടുന്നതിന് സ്ഥലം വിട്ടു നൽകിയവരുടെ ശേഷിക്കുന്ന സ്ഥലത്തെ നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾ ക്രമീകരിക്കുന്നതിന് ലഭിച്ച 36 അപേക്ഷകൾ പരിശോധിക്കുന്നതിന് ചുവടെപ്പറയുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്
3. സീനിയർ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം.

3) കമ്മിറ്റി മേൽപ്പറഞ്ഞ 36 അപേക്ഷകൾ പരിശോധിക്കേണ്ടതും ചുവടെപ്പറയുന്ന ഫോർമാറ്റിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ഇളവിന് അപേക്ഷിച്ചിട്ടുള്ള വ്യക്തി - കെട്ടിടത്തിന്റെ വിവരങ്ങൾ സൗജന്യമായി ഭൂമി വിട്ടുനൽകിയതിന്റെ വിവരങ്ങൾ - പുനർനിർമ്മാണം/ വിപുലീകരണം നടന്നിട്ടുണ്ടോ - ആവശ്യമായ ഇളവുകൾ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, കോഴിക്കോട്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട്

സീനിയർ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം.

ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്

പ്രസിഡണ്ട്, ഏറാമല ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂമീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (RB3/246/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Rajesh N

Date: 21-07-2025 17:03:50

സെക്ഷൻ ഓഫീസർ